### പേരിയ മരംമുറി

# ഉദ്യോഗസ്ഥപങ്കാളിത്തം തെളിഞ്ഞു

സി.ഡി.സുനീഷ്

കൽപ്പറ്റ: വയനാടൻ വനസംസ്കൃതിക്ക് മേൽ നടന്നുകൊണ്ടിരിക്കുന്ന അതിക്രമങ്ങളുടെ, ഒട്ടുവിലത്തെ പുറത്തറിഞ്ഞ സംഭവമാണ് മാനന്തവാടിക്കടുത്ത പേരിയയിലെ വനംകൊള്ള. ഉദ്യോഗസ്ഥ-രാഷ്ട്രീയ-വനം-മാഫിയ സംഘങ്ങളുടെ ആസൂത്രിതനീക്കങ്ങൾ ഇന്ന് വയനാട്ടിൽ ഗുരുതരമായ പരിസ്ഥിതിപ്രത്യാഘാതങ്ങൾ തീർത്തുകൊണ്ടിരിക്കുകയാണ്.

ജലക്ഷാമം, മണ്ണിടിച്ചിൽ, വന്യജീവി ശല്യം, കലാവസ്ഥാ വ്യതിയാനം, കൃഷി നാശം എന്നിവയാണ് പ്രത്യക്ഷമായി അനുഭവപ്പെടുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ.

പേരിയവനംകെള്ള പുറത്തുവന്നത് വനം ആർക്കും കയ്യേറാവുന്ന ഒരു പ്രദേശമല്ല എന്ന തിരിച്ചറിവും, പാരിസ്ഥിതിക ജാഗ്രത കുറച്ചെങ്കിലും വളർത്തിയെടുക്കാൻ മാധ്യമങ്ങൾക്കും പാരിസ്ഥിതിക സംസ്കാരിക പ്രവർത്തകർക്കും സാധിച്ചുവെന്നുള്ളതും കൊണ്ടാണ്. ഇത് ഒരു വൻവിജയം തന്നെയാണ്.

പേരിയ വനം കൊള്ളയെ കുറിച്ച് വയനാട്ടിലെ പരിസ്ഥിതി പ്രവർത്തകർ നിയമിച്ച ജനകീയ കമ്മീഷൻ കണ്ടെത്തിയ കാര്യങ്ങൾ , വയനാട്ടിലെ വനസംസ്കൃതി എങ്ങനെയാണ് തകർത്തതെന്ന ചരിത്രം വെളിപ്പെടുത്തുന്നു.

വയനാട്ടിലെ വനപ്രദേശങ്ങളിലെ റവന്യൂ ഇടപാടുകൾ അഴിമതി നിറഞ്ഞതാണെന്ന് പേര്യവനം കൊള്ളയെ കുറിച്ചന്വേഷിച്ച ജനകീയ കമ്മീഷൻ അംഗങ്ങളായ അഡ്വ. മഞ്ചേരി സുന്ദർ രാജ്, കെ.പാനൂർ, പ്രൊഫ. പി.ജെ.ജയിംസ്, അഡ്വ. പി.കെ. സജീവ്, തായ്യാട്ട് ബാലൻ, ഡി.ആർ. നീലകണ്ഠൻ നമ്പൂതിരി, എസ്. പ്രഭാകരൻ നായർ എന്നിവർ പറഞ്ഞു.

കഴിഞ്ഞ ദിവസങ്ങളിൽ വയനാട്ടിന്റെ വിവിധ പ്രദേശങ്ങളിൽ സഞ്ചരിച്ച് തെളിവെടുപ്പ് നടത്തിയസംഘം, സ്വകാര്യ വനം, റവന്യൂ ഭൂമി, ഏലം, കാപ്പി, കുരുമുളക് തോട്ടങ്ങൾ തുടങ്ങി പല പേരുകളിലും പഴുതുകളിലൂടെയുമാണ് ആസൂത്രിതമായ തിരിമറികൾ നടത്തിയതെന്ന് ആരോപിച്ചു ഇപ്പോൾ സർവ്വീസിലുള്ളവർ മാത്രമല്ല. 1971 മുതൽ സർവ്വീസിലിരുന്നിട്ടുള്ള പല ഉദ്യോഗസ്ഥരും അഴിമതികളിൽ പങ്കാളികളാണ്. റവന്യൂ വകുപ്പിലെ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും ഇതിൽ പങ്കുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടി.

പേരിയ വനം കൊള്ളയിൽ രാഷ്ട്രീയ നേതൃത്വത്തിന്റേയും റവന്യൂ മന്ത്രിയുടേയും പങ്ക് വ്യക്തമായി തെളിഞ്ഞിട്ടുണ്ടെന്ന് കമ്മീഷൻ വ്യക്തമാക്കി.

വനം കൊള്ള നടന്നത് നിക്ഷിപ്തവനഭൂമിയിലാണോ സ്വകാര്യ ഭൂമിയിലാണോ എന്നകാര്യം വനം വകുപ്പധികൃതർക്കറിയില്ലെന്ന് പറയുന്നത് കാപട്യമാണ്. ഇതിന്റെ പിന്നിൽ വൻ ഗൂഢാലോചനയുണ്ടെന്നും കമ്മീഷൻ പറഞ്ഞു. രാഷ്ട്രീയ സ്വാധീനത്തിന്റെ പിൻബലത്തിൽ നടത്തിയ പേരിയ മരംമുറിയെകുറിച്ച് ജുഡീഷൽ അന്വേഷണം വേണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. സ്വകാര്യവന ദേശവൽക്കരണത്തിന് ശേഷമുള്ളരേഖകളിൽ അഞ്ചേക്കറിൽ കൂടുതലുള്ളതും വനഭൂമിയുടെ അടുത്തുള്ളതുമായ പട്ടയാപേക്ഷകൾ പരിഗണിക്കുന്നതിന് മുമ്പ് സമഗ്രമായ അന്വേഷണം നടത്തിമാത്രമേ തുടർനടപടി സ്വീകരിക്കാവൂവെന്നും കമ്മീഷൻ റിപ്പോർട്ട് സൂചിപ്പിക്കുന്നു.

ഒരു വനം കൊള്ള പുറത്ത് വരുമ്പോൾ മാത്രമല്ലാതെ നിതാന്തപാരിസ്ഥിതിക ജാഗ്രത ജനജീവിതത്തിന്റെ ഭാഗം കൂടിയാകുമ്പോഴേ അവശേഷിക്കുന്ന വനസമ്പത്തെങ്കിലും നശിക്കാതെ നിലനിൽക്കുകയുള്ളൂ.